**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 2880 — 18.06.2018-ൽ മറുപടിക്ക്

## സിവിൽ സർവ്വീസ് അക്കാദമികൾ

| ചോദ്യം<br>ശ്രീ.പി.ടി. തോമസ്<br>ശ്രീ. വി.ടി.ബൽറാം | മറുപടി<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് സർക്കാരിനു കീഴിൽ പ്രവർത്തിക്കുന്ന സിവിൽ സർവ്വീസ് അക്കാദമികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്ത് സർക്കാരിനു കീഴിലെ സ്വയം ഭരണ സ്ഥാപനമായ സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരളയുടെ മേൽ നോട്ടത്തിൽ കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയുടെ പ്രധാന കേന്ദ്രം തിരുവനന്തപുരത്തും, പാലക്കാട്, കോഴിക്കോട്, ചെങ്ങന്നൂർ, മൂവാറ്റുപുഴ, കോന്നി, ആളൂർ, കാഞ്ഞങ്ങാട്, കല്യാശ്ശേരി എന്നിവിടങ്ങളിൽ ഉപകേന്ദ്രങ്ങളും പ്രവർത്തിക്കുന്നു. കൂടാതെ പൊന്നാനിയിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ സ്റ്റഡീസ് ആന്റ് റിസർച്ച് സെന്ററിലും സിവിൽ സർവ്വീസ് പരീക്ഷ പരിശീലനം നൽകി വരുന്നു. |
| (ബി) കഴിഞ്ഞ അഞ്ച് വർഷം ഇവിടങ്ങളിൽ പഠിച്ച എത്രപേർക്ക് സിവിൽ സർവ്വീസിൽ പ്രവേശനം കിട്ടിയെന്ന് വർഷം തിരിച്ച് അറിയിക്കാമോ; | (ബി) വിവരങ്ങൾ അനുബന്ധമായി ചേർത്തിരിയ്ക്കുന്നു. |
| (സി) സംസ്ഥാനത്ത് സർക്കാരിനു കീഴിൽ പുതുതായി സിവിൽ സർവ്വീസ് അക്കാദമികൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ എന്ന് വെളിപ്പെടുത്താമോ ? | (സി) ഉണ്ട്. കൊല്ലം, പുനലൂർ, അത്തൂർ, റാന്നി, മൂന്നാർ എന്നിവിടങ്ങളിൽ കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയുടെ ഉപകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ തുടർന്ന് വരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

സിവിൽ സർവ്വീസ് പരീക്ഷയുടെ പ്രിലിംസ്, മെയിൻ, ഇന്റർവ്യൂ എന്നിവയ്ക്ക് പ്രത്യേകം പരിശീലനം കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമി നല്കിവരുന്നു. കൂടാതെ സിവിൽ സർവ്വീസ് മെയിൻ പരീക്ഷ പാസ്സായവർക്ക് കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയുടെ അഡോപ്ഷൻ സ്കീമിൽ, ഇന്റർവ്യൂ പരിശീലനം നല്കി വരുന്നു. ഇപ്രകാരം കഴിഞ്ഞ അഞ്ച് വർഷം കെ.എസ്.സി.എസ്.എ യിൽ പരിശീലനം നേടിയ സിവിൽ സർവ്വീസ് ലഭിച്ചവരുടെ വർഷം തിരിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | വിജയികളുടെ എണ്ണം |
|---|---|
| 2013 | 44 |
| 2014 | 24 |
| 2015 | 35 |
| 2016 | 51 |
| 2017 | 32 |

Manoj M
സെക്ഷൻ ഓഫീസർ